Village Vigilance Committees—Constitution of.

ശ്രീ. കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ഭയവായി മറുപടി പറയുമോ:—

(എ) വില്ലേജ് വിജിലൻസ്സു കമ്മിറ്റികൾ കൊച്ചീരാജ്യത്തു് ഏതു മുതല്ക്കാണു് ഏർപ്പെടുത്തിയതു്;

(ബി) ഈ കമ്മിറ്റി മെമ്പർമാരെ പോലീസ് ഉപദേശം അനുസരിച്ചു ഗവൺമെണ്ടു നിയമിക്കുന്നതോ, പൊതുജനങ്ങൾ തിരഞ്ഞെടുക്കുന്നവരോ;

(സി) ഇവക്കുള്ള ജോലികളെന്തെല്ലാം;

(ഡി) ഈ കമ്മറ്റി മെമ്പർമാർക്കുണ്ടായിരിക്കണമെന്നു ഗവൺമെണ്ടു പ്രതീക്ഷിക്കുന്നതോ നിർദ്ദേശിച്ചിട്ടുള്ളതോ ആയ യോഗ്യതകൾ എന്തെല്ലാം;

(ഇ) ഇങ്ങിനെയുള്ള ഏതെങ്കിലും കമ്മിറ്റിയേയൊ കമ്മിറ്റിമെമ്പറേയൊ മെമ്പർമാരേയൊ പറ്റി പൊതുജനങ്ങളുടെ ആക്ഷേപം അധികൃതന്മാർക്കു കിട്ടീട്ടുണ്ടോ; ഉണ്ടെങ്കിൽ

(എഫ്) എത്രയെന്നും എവിടെയെല്ലാം നിന്നാണെന്നും എന്തു നടപടിയാണു് നടത്തീട്ടുള്ളതെന്നും പറയാമോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—

(എ) ചോദ്യം മകരം ഫസ്റ്റ്-ാംതു- ക്കുശേഷം.

(ബി) പോലീസ്സ് ഡിപ്പാർട്ടുമെണ്ടിൽനിന്നു തിരഞ്ഞെടുത്തു നിയമിക്കുന്നവരാണ്.

(സി) ചോദ്യം-ലെ കൌൺസിൽ പ്രോസീഡിംഗ്സ് സി-ാം വാള്യം ർ-ാം പാർട്ടിൽ സി.സി, സി.സിസി ഭാഗങ്ങളിൽ ചേർത്തിട്ടുള്ള സി൯ (b) എന്ന ചോദ്യത്തിനുള്ള മറുപടി നോക്കുവാൻ അപേക്ഷ.

(ഡി) ഇവക്കുണ്ടായിരിക്കേണ്ട യോഗ്യതകളെ പറ്റി ഗവൺമെണ്ടു് ഒന്നും നിർദ്ദേശിച്ചിട്ടില്ല. മാന്യന്മാരും മര്യാദക്കാരും പോലീസുകാർക്കു സഹായസഹകരണങ്ങളും ചെയ്യാൻ പ്രാപ്തിയും മനസ്സും ഉള്ളവരെന്നു വിചാരിക്കപ്പെടുന്നവരും ആയവരെയാണു് പോലീസ്സ് ഡിപ്പാർട്ടുമെണ്ടു തിരഞ്ഞെടുക്കുന്നതു്.

(ഇ) & (എഫ്) ഈ ചോദ്യങ്ങൾക്കു മറുപടി പറയുന്നതുകൊണ്ടു യാതൊരു പൊതുതാല്പര്യങ്ങളും നിറവേറ്റപ്പെടുവാനില്ലാത്തതുകൊണ്ടു മറുപടി പറയുന്നില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North)*.— സബ്ബ് ഡി

LIBRARY ARCHIVES Kerala Legislative Assembly

വിഷൻ ഒ, ന്യ ഇവയ്ക്ക തന്നിട്ടുള്ള മറുപടി വിശദമായിട്ടില്ലാത്തതു കൊണ്ട് അതൊന്നു വെളിപ്പെടുത്തിത്തന്നാൽ കൊള്ളാം.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— വില്ലേജു വിജിലൻസു കമ്മിറ്റി മെമ്പർമാർ പൊതുതാല്പര്യങ്ങളെ സംരക്ഷിക്കുന്നതിനു പോലീസുകാരെ സഹായിക്കുവാൻവേണ്ടി നിയമിക്കപ്പെടുന്നവരാണോ?

Mr. President.—Protect the public by helping the Police.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— അങ്ങിനെയുള്ള ആളുകളുടെ സ്വഭാവങ്ങളെക്കുറിച്ചു് പൊതുജനങ്ങളിൽനിന്നും ആക്ഷേപങ്ങൾ കിട്ടിയാൽ അതിനെപ്പറ്റി അറിയേണ്ട ചുമതല ഈ കൌൺസിലിനില്ലെന്നാണോ വിചാരിക്കുന്നതു്?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അങ്ങിനെയല്ല, പൊതുതാല്പര്യങ്ങളെ നിറവേറുവാനായിട്ട് പോലീസു ഡിപ്പാർട്ടുമെൻറിൽനിന്നും വരുന്ന ആളുകൾ മാന്യന്മാരും മര്യാദക്കാരും സഹായിക്കുവാനുള്ള കഴിവും ഉള്ളവരായിരിക്കും.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— ആക്ഷേപകരമായ സ്വഭാവത്തോടുകൂടിയ ആളുകൾ പോലീസുകാരെ സഹായിച്ചാൽ ഉണ്ടാകുന്ന വൈഷമ്യങ്ങൾ എന്താണെന്നു ബഹുമാനപ്പെട്ട ഗവൺമെൻറു ധരിച്ചിട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അങ്ങിനെ നിയമിക്കുന്നതു് ആളുകൾ മാന്യന്മാരും മര്യാദക്കാരുമായിരിക്കും. അല്ലാത്തവരെ തിരഞ്ഞെടുക്കുകയില്ല.

മിസ്റ്റർ വി. കെ. കൃഷ്ണൻകുട്ടി *(Anthikad)*.— അങ്ങിനെയുള്ളവരുടെമേൽ ആക്ഷേപങ്ങൾ വരുമ്പോൾ അതിനെപ്പറ്റി അറിയേണ്ട ചുമതല ഈ കൌൺസിലിനില്ലെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.—അല്ല.

Mr. P. Kumaran Ezhuthassan *(Wadakkancheri)*.—May I know whether any complaint has been received about any one of the vigilance committee members?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police)*.— അതിനുള്ള ഉത്തരം ഇതിൽ പറഞ്ഞിട്ടുണ്ടു്.

മിസ്റ്റർ കെ. എസ്സു്. പണിക്കർ *(Ezhuvas North)*.— പൊതുജനക്ഷേമത്തെ ഉദ്ദേശിച്ചാണോ ഈ വില്ലേജു വിജിലൻസു കമ്മിറ്റി ഏർപ്പെടുത്തീട്ടുള്ളതു്?

LIBRARY ARCHIVES Kerala Legislative Assembly

Mr. K. P. Kannan Nayar *(Secretary to Government).*—This is not a supplementary question.

Mr. P. Kumaran Ezhuthassan *(Wadakkancheri).*—It is.

Mr. V. K. Krishnankutty *(Anthikad).*—I think this is a proper question which should be answered in public interest. We want the President to give a ruling. When complaints are received against these vigilance committee members it is the duty of this Council to question and it is the duty of the Government to answer them properly.

Mr. President.—This is not a matter for ruling. As President of this House I have admitted the question thinking that it is a matter of public importance. But if the Government thinks that the answer to a particular part of the question cannot be in the interests of the public, as President, I cannot help it.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ആ കമ്മിറ്റി മെമ്പർമാരുടെ സ്വഭാവദൂഷ്യങ്ങളെപ്പറ്റി പൊതുജനങ്ങൾ ഗവ മ്മെൻറിനെ ധരിപ്പിച്ചാൽ ഗവമ്മെൻറ് അതിനെക്കുറിച്ച് അന്വേഷിക്കാറുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police).*—ഉണ്ട്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— മറ്റത്തൂർ വില്ലേജ് വിജിലൻസ് കമ്മിറ്റി മെമ്പർമാരെപ്പറ്റി പൊതുജനങ്ങളുടെ ആക്ഷേപം ഗവമ്മെൻറിനു കിട്ടീട്ടുണ്ടോ?

മിസ്റ്റർ എ. എൽ. ദേവസ്സി *(Commissioner of Police):*— ഉ-ം, ന്യ-ം ചോദ്യങ്ങൾക്കുള്ള മറുപടി തന്നെയാണ്.

മിസ്റ്റർ കെ. എസ്സ്. പണിക്കർ *(Ezhuvas North).*— ഇതു പൊതുജനങ്ങൾക്ക് ഉപയോഗമുള്ള ഒന്നായതുകൊണ്ടാണ് ഞാൻ പൊതുജനങ്ങളുടെ ആക്ഷേപം കിട്ടീട്ടുണ്ടോ എന്നു പ്രത്യേകം എഴുതിയയച്ചിട്ടുള്ളതു്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി *(Trichur South).*— വില്ലേജ് വിജിലൻസ് കമ്മിറ്റി മെമ്പർമാരെപ്പറ്റിയുള്ള പൊതുജനങ്ങളുടെ ആക്ഷേപംവരുമ്പോൾ ആ കാര്യത്തിൽ ഭയമായിട്ട് ഗവമ്മെൻറ് എന്തെങ്കിലും നടപടി നടത്താമോ?

Mr. A. L. Devassy *(Commissioner of Police).*—I am prepared to give the information to this House. We have received a certain complaint against certain members of the vigilance committee and we enquired into it. As a result some of

LIBRARY ARCHIVES Kerala Legislative Assembly

them have been removed from the committee. It is not possible to divulge their names. Some of the petitions were unfounded.

Constables—punishment by withholding pay.

ഫ്രാങ്ക. മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— താഴെ പറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു ദയവായി മറുപടി പറയുമോ:—

(എ) ഫ്രഫ്രാങ്ക ചിങ്ങം ഫ്രാംങ്ക- മുതൽ പോലീസ്സ് കാൺസ്റ്റബിൾമാർക്കു ശമ്പളം പിടിച്ചുകൊണ്ടുള്ള ശിക്ഷാസമ്പ്രദായം ഗവൺമെണ്ടു് ഏർപ്പെടുത്തീട്ടുണ്ടോ;

(ബ) ഉണ്ടെങ്കിൽ ഇതുവരെ എത്ര കാൺസ്റ്റബിൾമാർ ഇങ്ങിനെയുള്ള ശിക്ഷ അനുഭവിക്കേണ്ടതായിവന്നിട്ടുണ്ടു്;

(സ) ഇവർ ഏതേതു തരത്തിലുള്ള കുറ്റങ്ങളാണു് ചെയ്തിട്ടുള്ളതെന്നു പറയാമോ;

(ദ) ഇന്നിന്നതരത്തിലുള്ള കുറ്റങ്ങൾക്കു് ഇന്നിന്നതരത്തിലുള്ള ശിക്ഷകൾ കൊടുക്കണമെന്നു വല്ല നിശ്ചിതവ്യവസ്ഥയും ഗവൺമെണ്ടു ചെയ്തിട്ടുണ്ടോ;

(ഇ) ഉണ്ടെങ്കിൽ ശമ്പളം പിടിക്കുന്ന ശിക്ഷ എങ്ങിനെയുള്ള കുറ്റക്കാർക്കാണു്;

(ന) ഈ സമ്പ്രദായം മറുരാജ്യങ്ങളെ കണ്ടു് ഇവിടെ അനുകരിച്ചതോ വകുപ്പദ്ധ്യക്ഷന്റെ സ്വന്തം അഭിപ്രായപ്രകടനമോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— പോലീസ് മാനുവലിലും സ്റ്റാൻഡിംഗ് ഓർഡറിലും മുമ്പുതന്നെ നിശ്ചയിച്ചിട്ടുള്ള വിധത്തിലുള്ളതല്ലാതെ ഇപ്പോഴുണ്ടു പുതിയ ശിക്ഷാസമ്പ്രദായമൊന്നും ഗവൺമെണ്ടു് ഏർപ്പെടുത്തീട്ടില്ല.

ഉത്തരം ആവശ്യമില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).—പോലീസ് മാനുവലിലും സ്റ്റാൻറിംഗ് ഓർഡറിലും മുമ്പു നിശ്ചയിച്ചിട്ടുള്ള ശിക്ഷകൾ ഫ്ര ഫ്ര ഫ്ര മുമ്പു് കാൺസ്റ്റബിൾമാർക്കു കൊടുത്തിരുന്നതായിട്ടു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ എ. എൽ. ദേവസ്സി (*Commissioner of Police*).— ഏതു ശിക്ഷ?

മിസ്റ്റർ കെ. എസ്സ്. പണിക്കർ (*Ezhuvas North*).— ശിക്ഷാസമ്പ്രദായം എന്റെ ചോദ്യത്തിൽ വിവരിച്ചിട്ടുണ്ടു്. അതുപ്രകാരമുള്ള ശിക്ഷ ഫ്ര ഫ്ര മു. ചിങ്ങം ഫ്രാംങ്ക-ക്കു മുമ്പു് പോലീസു കാൺസ്റ്റബിൾമാർക്കു കൊടുത്തിരുന്നുവോ?

LIBRARY ARCHIVES Kerala Legislative Assembly